പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 145 12-10-2026-ൽ മറുപടിയ്ക്ക്

**മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്ര ജീവനക്കാർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ;

**മറുപടി:** മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ പ്രത്യേകം സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിച്ച് വരുന്നത്. പ്രസ്തുത ക്ഷേത്രങ്ങളിന്മേൽ ബോർഡിന് ഭരണമേൽനോട്ട നിയന്ത്രണാധികാരമാണുള്ളത്. മദ്രാസ് ഹിന്ദു റിലിജിയസ് & ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട് - 1951 - ലെ 48-ാം വകുപ്പ് പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം ക്ഷേത്ര ഭരണാധികാരികളിൽ നിക്ഷിപ്തമാണ്. ആയതിനാൽ പ്രസ്തുത ക്ഷേത്രങ്ങളിലെ ബോർഡ് അംഗീകൃത തസ്തികകളിൽ വരുന്ന ഒഴിവുകൾ ബോർഡിൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തിയ ശേഷം ആയത് അംഗീകരിക്കുന്നതിനായി ക്ഷേത്ര ഭരണാധികാരികൾ അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത നിയമനം നിയമാനുസൃതമാണോ എന്ന് പരിശോധിച്ച് അംഗീകരിക്കുന്ന നടപടി മാത്രമാണ് ബോർഡ് ചെയ്തു വരുന്നത്.

**(ബി)** ശമ്പള പരിഷ്കരണം, ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ എന്നിവ ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ;

**മറുപടി:** മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം 12.02.2021 - ലെ സ.ഉ.(കൈ)നം. 57/2021/റവ പ്രകാരം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിച്ചും, 18.08.2021 - ലെ സ.ഉ.(കൈ) നം. 161/2021/റവ പ്രകാരം ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടുത്തിയും ഉത്തരവായിരുന്നു. തുടർന്ന് 12.02.2024-ലെ സ.ഉ.(കൈ)നം. 41/2024/റവ പ്രകാരം മേൽ ശമ്പള പരിഷ്കരണത്തിലെ അനോമലിയും പരിഹരിച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള ശമ്പളമാണ് നിലവിൽ നൽകി വരുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ പ്രത്യേകം സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിച്ച് വരുന്നത്. ഓരോ ക്ഷേത്രത്തിന്റെയും ദൈനംദിനഭരണം നിർവ്വഹിക്കുന്നതും, ക്ഷേത്രജീവനക്കാരെ നിയമിക്കുന്നതും, ക്ഷേത്രജീവനക്കാരുടെ ശമ്പളവും സേവനാനുകൂല്യങ്ങളും നൽകുന്നതും അതാത് ക്ഷേത്രവരുമാനത്തിൽ നിന്നും ക്ഷേത്രഭരണാധികാരികളാണ്. ക്ഷേത്ര വാർഷിക വരുമാനം 25 ലക്ഷത്തിൽ താഴെ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം പ്രകാരമുള്ള ശമ്പളാനുകൂല്യങ്ങൾ പ്രതിമാസം അനുവദിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ബഡ്ജറ്റിൽ മലബാർ ദേവസ്വം ബോർഡിന് ശമ്പള ഇനത്തിൽ വകയിരുത്തി അനുവദിക്കുന്ന

ഫണ്ടിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ക്ഷേത്രത്തിലെ ആകെ ജീവനക്കാരുടെ ആകെ ശമ്പളത്തിന്റെ പരമാവധി 70% വരെ ശമ്പളധനസഹായമായി അനുവദിച്ച് വരുന്നുണ്ട്.

**(സി)** ശാന്തിക്കാർ, കഴകക്കാർ ഉൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; പുതിയ പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** സേവനത്തിൽ നിന്നും വിരമിക്കുന്ന ക്ഷേത്രജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കും പെൻഷൻ ആനുകൂല്യം ലഭ്യമാക്കുന്നതിന് ക്ഷേമനിധി ബോർഡ് പ്രവർത്തിച്ച് വരുന്നുണ്ട്. നിലവിൽ ക്ഷേത്രജീവനക്കാരുടെ പരിഷ്കരിച്ച പെൻഷൻ 1500 രൂപ മുതൽ 3000/- രൂപ വരെയും, ഏറ്റവും കുറഞ്ഞ കുടുംബപെൻഷൻ 1000/-രൂപയും, കൂടിയ കുടുംബപെൻഷൻ 1500/-രൂപയുമാണ്. ജോലിക്കിടയിൽ സംഭവിക്കുന്ന അപകടത്തിനുള്ള ധനസഹായം 1000/-രൂപയിൽ നിന്നും 10,000/- രൂപയായി ഉയർത്തിയിട്ടുണ്ട്. വിരമിക്കുന്ന ക്ഷേത്രജീവനക്കാർക്ക് 20,000/-രൂപയും എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് 30,000/- രൂപയും ഗ്രാറ്റുവിറ്റി നൽകി വരുന്നു. വിരമിച്ച എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് 6000/- രൂപ പെൻഷൻ നൽകി വരുന്നുണ്ട്. നിലവിൽ, ക്ഷേമനിധി അംഗങ്ങൾക്ക് കാൻസർ, ബൈപ്പാസ് സർജറി, ഹൃദയ സംബന്ധമായ രോഗങ്ങൾ തുടങ്ങിയ ഗുരുതരമായ രോഗങ്ങളുടെ ചികിത്സയ്ക്കായുള്ള ധനസഹായം പരമാവധി 25,000/-രൂപയും, ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം 5,000/-രൂപയും അനുവദിച്ച് വരുന്നുണ്ട്. കൂടാതെ ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി പരമാവധി 10,000/-രൂപ വരെ പലിശരഹിത വായ്പയായി അനുവദിച്ച് വരുന്നു. മേലിൽ യാതൊരു വിധത്തിലുള്ള ജോലിയും ചെയ്യാൻ കഴിയാത്ത തരത്തിൽ ശാരീരിക വൈഷമ്യം അനുഭവിക്കുന്നവർക്ക് അവശതാ പെൻഷനും ഗ്രാറ്റുവിറ്റിയും നൽകി വരുന്നു. ജോലിയിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 20,000/-രൂപയും, എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ആശ്രിതർക്ക് 30,000/-രൂപയും മരണാനന്തര ഗ്രാറ്റുവിറ്റിയായി നൽകി വരുന്നു. നിലവിൽ, എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയിട്ടുള്ള ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് പാരിതോഷികമായി 2,500/- രൂപ അനുവദിച്ച് വരുന്നു.

1993 - ൽ രൂപീകൃതമായ ക്ഷേമനിധിയിലെ വ്യവസ്ഥകൾ, ക്ഷേമനിധിയിലെ അംഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട വിധം പ്രയോജനം ലഭിക്കണമെന്ന ഉത്തമ താൽപര്യം മുൻനിർത്തി, സർക്കാർ കാലാകാലങ്ങളിൽ ഭേദഗതി/പുതിയവ്യവസ്ഥകൾ ഉൾപ്പെടുത്തി ക്ഷേമപദ്ധതി പരിഷ്കരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**